DWCD/2039/2025-ICDSB6

വനിത ശിശു വികസന ഡയറക്ടറുടെ കാര്യാലയം ,
പൂജപ്പുര , തിരുവനന്തപുരം
തീയതി :21-03-2025
Email -directorate.wcd@kerala.gov.in
Phone : 0471 – 2346534

<u>പരിപത്രം</u>

വിഷയം: വനിത ശിശു വികസന വകുപ്പ് - അങ്കണവാടികളുടെ വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്, പാചക വാതകം തുടങ്ങി ദൈനംദിന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്ന തുക സമയബന്ധിതമായി മാറി നൽകുന്നത് -നിർദേശം സംബന്ധിച്ച്.

സൂചന: 1. അങ്കണവാടി പ്രവർത്തകരുടെ വിവിധ സംഘടനകളുമായി വനിത ശിശു വികസന വകുപ്പ് മന്ത്രി നടത്തിയ 14.03.2025 ലെ ചർച്ച

2. 26 /6/1998 ലെ G.O (P) No. 20/98/SWD നമ്പർ സർക്കാർ ഉത്തരവ്

അങ്കണവാടികളുടെ വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ്, പാചക വാതകം, ഭക്ഷണത്തിനു ആവശ്യമായ പച്ചക്കറി തുടങ്ങിയ ഇനങ്ങളിലുള്ള തുക കൃത്യമായി മാറി നല്കുന്നില്ല എന്നും അങ്കണവാടി പ്രവർത്തകരുടെ കയ്യിൽ നിന്നും ചെലവഴിക്കേണ്ടതായി വരുന്നെന്നും ഇവ സമയബന്ധിതമായി മാറി നല്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അങ്കണവാടി പ്രവർത്തകരുടെ വിവിധ സംഘടനകൾ വകുപ്പ് മന്ത്രിയുമായി സൂചന (1) പ്രകാരം നടന്ന ചർച്ചയിൽ ഉന്നയിച്ചിരുന്നു.

അധികാര വികേന്ദ്രികരണത്തിന്റെ ഭാഗമായി കേരള പഞ്ചായത്തി രാജ് ആക്റ്റിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി സർക്കാരിന്റെ പദ്ധതികളും സ്ഥാപനങ്ങളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതാണ് ആയതു പ്രകാരം അങ്കണവാടികളുടെ പ്രവർത്തനത്തിനുള്ള സുഗമമായ നടത്തിപ്പിന് ആവശ്യമായ ക്രമീകരണങ്ങൾ, ഭൗതിക സാഹചര്യം എന്നിവ ഒരുക്കേണ്ടത് അതതു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ വരുന്നതാണ് . വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ്, പാചക വാതകം, ഭക്ഷണത്തിനു ആവശ്യമായ പച്ചക്കറിയുടെ വില, ട്രാൻസ്പോർട്ടേഷൻ , വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന അങ്കണവാടികളിലെ അധിക വാടക തുടങ്ങിയ അങ്കണവാടികളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായിട്ടുള്ള മറ്റു എല്ലാ ചിലവുകളും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും കണ്ടെത്തി ബന്ധപ്പെട്ട പദ്ധതി നിർവഹണ ഉദ്യോഗസ്ഥര് മുഖേന വിനിയോഗിച്ചു വരുന്നത്.

മേൽ ഉത്തരവുകളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ അങ്കണവാടി പ്രവർത്തകരുടെ വിവിധ സംഘടനകൾ ഉന്നയിച്ച നിവേദനങ്ങൾ പരിശോധിച്ചു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അങ്കണവാടികളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി വഹിക്കേണ്ട ചെലവുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ യഥാസമയം മാറി നൽകേണ്ടതും, ആയതു പാലിക്കുന്നുണ്ട് എന്ന് ശിശു വികസന പദ്ധതി ആഫീസർമാരും പ്രോഗ്രാം ആഫീസർമാരും ഉറപ്പാക്കേണ്ടതുമാണ്. കൂടാതെ എസ് എൻ പി / SAG / പോഷകബാല്യം മുതലായവയുടെ ഭാഗമായി അങ്കണവാടിപ്രവർത്തകർ ചെറുകിട കച്ചവടക്കാരുടെ പക്കൽ നിന്നും വാങ്ങുന്ന പച്ചക്കറി മുതലായ ഇനങ്ങൾക്ക് GST ബിൽ ലഭ്യമല്ലാത്ത പക്ഷം ക്രമപ്രകാരമുള്ള വൗച്ചർ പരിഗണിക്കേണ്ടതാണ്. ടി നിർദ്ദേശം പാലിക്കുന്നുണ്ടെന്നും കൃത്യമായി ടി ബില്ലുകൾ അങ്കണവാടി പ്രവർത്തകർക്ക് മാറി നിൽകുന്നുണ്ടെന്നും പ്രതിമാസ യോഗങ്ങളിൽ അജണ്ടയിനമായി ഉൾപ്പെടുത്തി വിലയിരുത്തേണ്ടതാണ്.

വനിത ശിശുവികസന ഡയറക്ടർ.

ശ്രീവിദ്യ എസ് എൻ.കെ.
ജോയിന്റ് ഡയറക്ടർ
പെൻ നമ്പർ-445126
വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം-695012

എല്ലാ ജില്ലാ വനിത ശിശു വികസന ആഫീസർമാർക്കും.
എല്ലാ പ്രോഗ്രാം ആഫീസർമാർക്കും

എല്ലാ സീനിയർ സൂപ്രണ്ടുമാർക്കും , ജില്ലാതല ഐ സി ഡി എസ് സെൽ
എല്ലാ ശിശു വികസന പദ്ധതി ആഫീസർമാർക്കും